*"ഭരണ ഭാഷ - മാതൃഭാഷ"*

**കേരള സർക്കാർ**
**ധനകാര്യ (ഐ റ്റി എസ് എഫ്) വകുപ്പ്**

നം.115/2021/ധന. തിരുവനന്തപുരം, തീയതി : 26.11.2021

**<u>സർക്കുലർ</u>**

വിഷയം :- സ്പാർക്ക് ഡാറ്റാ തിരുത്തൽ - ജീവനക്കാർക്കും വകുപ്പ് മേധാവി / ഡി.ഡി.ഒ -മാർക്കുമുള്ള തുടർ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. പരിപത്രം നം. 37/2017/ധന തീയതി 19.05.2017
2. പരിപത്രം നം. 11/2019/ധന തീയതി 05.02.2019
3. പരിപത്രം നം. 64/2019/ധന തീയതി 01.07.2019
4. പരിപത്രം നം. 44/2020/ധന തീയതി 11.08.2020
5. പരിപത്രം നം. 56/2020/ധന തീയതി 06.10.2020
6. പരിപത്രം നം. 98/2021/ധന തീയതി 25.10.2021
7. പരിപത്രം നം. 102/2021/ധന തീയതി 01.11.2021

സൂചന (2), (4) എന്നീ പരിപത്രങ്ങളും അവയിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റ് പരിപത്രങ്ങളും പ്രകാരം, എല്ലാ ജീവനക്കാരുടെയും സ്പാർക്കിലെ വിവരങ്ങൾ, സേവന രേഖകളുമായി ഒത്തുനോക്കി, ഉറപ്പുവരുത്തി ഡാറ്റാ ലോക്ക് ചെയ്യണമെന്ന് കർശന നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തി, ഡാറ്റ തിരുത്തുന്നതിനായി നിരവധി അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ, സൂചന (3) -ലെ പരിപത്രപ്രകാരം, സ്പാർക്ക് ഡാറ്റയിൽ തെറ്റായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യപ്പെട്ടാൽ അവ തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ/ നടപടിക്രമം വ്യക്തമാക്കി എല്ലാ ഡി.ഡി.ഒ മാർക്കും അറിയിപ്പ് നൽകിയിരുന്നു. സൂചന (5) പരിപത്ര പ്രകാരം താൽക്കാലിക ജീവനക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. മേലിൽ ഇത്തരം തിരുത്തലുകൾക്കായി സൂചന (3), (5) പ്രകാരം സർക്കാരിലേക്ക് പ്രപ്പോസൽ സമർപ്പിക്കുമ്പോൾ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ

വിശദീകരണവും ആയതിന്മേൽ നിയന്ത്രണ നിയമനാധികാരി സ്വീകരിച്ച നടപടി റിപ്പോർട്ട് സഹിതമായിരിക്കണമെന്ന് പരിപത്രം (6) പ്രകാരം എല്ലാ വകുപ്പ് മേധാവികളെയും അറിയിച്ചിരുന്നു. മാത്രമല്ല ഈ നടപടിക്രമങ്ങളിലെ സങ്കീർണതയും വകുപ്പുകളിലെ കാലതാമസവും ഒഴിവാക്കുന്നതിനും ഡി.ഡി.ഒ യൂസർ തലത്തിൽ തന്നെ കൂറേയധികം തിരുത്തലുകൾ സാധ്യമാകുന്ന തരത്തിൽ സ്പാർക്കിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ വെളിച്ചത്തിൽ നിർദ്ദേശങ്ങൾ പരിപത്രം (7) മുഖേന പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. ആയതിന്റെ തുടർച്ചയായി ഈ പരിപത്രത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന ഡാറ്റാ ഫീൽഡുകളും ഡി.ഡി.ഒ -യുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് തിരുത്തൽ വരുത്തുന്നതിനുള്ള സംവിധാനം സ്പാർക്കിൽ 01.12.2021 മുതൽ ലഭ്യമാകുമെന്ന് എല്ലാ വകുപ്പ് തലവന്മാരെയും ഡി.ഡി.ഒ -മാരെയും അറിയിക്കുന്നു. വിരമിച്ച ജീവനക്കാരുടെ വിവരങ്ങളും ഇത്തരത്തിൽ തിരുത്താൻ ലഭ്യമാകുന്നതാണ്. പരിപത്രം (7) ലെ മറ്റു നിർദ്ദേശങ്ങൾ തുടർന്നും പിന്തുടരേണ്ടതാണ്.

3. പേരിലുള്ള തിരുത്ത് പരിപത്രം (1) പ്രകാരമായിരിക്കണമെന്നും പേരിനോടൊപ്പമുള്ള ഇനിഷ്യലുകൾ പേരിന്റെ അവസാനം മാത്രമേ രേഖപ്പെടുത്താവൂയെന്നും, സർവ്വീസ് രേഖകളിലല്ലാത്ത പേരുകൾ ചേർക്കുന്നത് പിന്നീട് തിരുത്താനാവില്ലായെന്നും അത്തരം തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തുന്ന ജീവനക്കാർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും പ്രത്യേകമായി അറിയിക്കുന്നു. മാത്രമല്ല, ഡി.ഡി.ഒ -മാർക്ക് അവരുടെ സ്വന്തം വിവരങ്ങൾ തിരുത്താനാകില്ലായെന്നും ആയതിന് നിലവിലെ നിർദ്ദേശങ്ങൾ പിന്തുടരേണ്ടതുമാണെന്നും അറിയിക്കുന്നു.

4. തെറ്റായി രേഖപ്പെടുത്തിപ്പോയ ഡാറ്റാ തിരുത്തലിനായി അനുവദിച്ചിരിക്കുന്ന ഈ സംവിധാനം ദുരുപയോഗം ചെയ്ത്, തെറ്റായ ബില്ലുകൾ തയ്യാറാക്കി തിരിമറി നടത്താനിടയായാൽ അത്തരം ഡി.ഡി.ഒ -മാർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

5. ഇത്തരത്തിലുള്ള തിരുത്തലുകളുടെ ഡി.ഡി.ഒ തലത്തിലുള്ള അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതാണെന്നും ആയത് സർക്കാർ തലത്തിൽ വിശകലനത്തിനായി ലഭ്യമാക്കുന്നതുമാണ്.

**രാജേഷ് കുമാർ സിംഗ്, ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി & എസ് എസ് എ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ) തിരുവനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ വകുപ്പ് തലവൻമാർക്കും (ഭരണ വകുപ്പ് മുഖേന)
5. ധനകാര്യ വകുപ്പിലെ സെക്ഷനുകൾക്കും (ഇ ഓഫീസ് മുഖാന്തിരം)
6. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ ഓഫീസ് മുഖാന്തിരം)
7. നോഡൽ ഓഫീസർ, *www.finance.kerala.gov.in.*
8. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി (1694328)

**ഉത്തരവിൻ പ്രകാരം**

Anuja gladis. K.L

**മാനേജർ (ഐ റ്റി എസ്സ് എഫ്)**

**<u>അനുബന്ധം</u>**

Name :

Date of Birth :

Date of Superannuation/Retirement :

Service Category :